(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതും, മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യാതെ ഭൂമിയുടെ ന്യായവില അമ്പതു ശതമാനം വർദ്ധിപ്പിച്ചതും രജിസ്ട്രേഷൻ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ട്രഷറിയിൽ അടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) തീറാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 5%, 6%, 7% എന്നിങ്ങനെ ആയിരുന്നത് 2014-ലെ കേരള ധനകാര്യ ആക്ട് പ്രകാരം 6% ആയി ഏകീകരിക്കുകയാണുണ്ടായത്. സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിച്ചതും 14-11-2014-ലെ ജി.ഒ. (പി) 188/14/നി.വ. നമ്പർ ഉത്തരവ് പ്രകാരം ഭൂമിയുടെ ന്യായവിലയിൽ 50% വർദ്ധനവ് വരുത്തിയതും, റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതി

5 (*246) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ മരാമത്ത് വകുപ്പിന്റെ 21 വൻകിട പദ്ധതികൾ ഏതവസ്ഥയിലാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ ആകെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; അതിന് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി രേഖ തയ്യാറാക്കുന്നതിന് എത്ര രൂപ ചെലവഴിച്ചുവെന്നറിയിക്കാമോ;

(ഡി) പെട്രോൾ-ഡീസൽ നികുതിയിൽനിന്ന് പദ്ധതിക്കായി പ്രഖ്യാപിച്ചിരുന്ന വിഹിതം എത്രയെന്നും അത് ലഭിക്കുകയുണ്ടായോയെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പരിപാടിയിൽ (DFIP) ഉൾപ്പെട്ട 15 പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു. 5 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മൂനമ്പംകവല മുതൽ വരാപ്പുഴ വരെയുള്ള റോഡിന്റെ വികസനം ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ 15 പദ്ധതികളുടെ ആകെ മതിപ്പ് ചെലവ് 2297 കോടി രൂപയാണ്. മറ്റുള്ളവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ആകെ ചെലവ് ഇപ്പോൾ കൃത്യമായി നൽകുവാൻ കഴിയില്ല.

(സി) ഇതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് വില്പപ്പെടുന്ന ഡീസലിന്റെയും, പെട്രോളിന്റെയും മേൽ ഒരു രൂപാ നിരക്കിൽ ചുമത്തിയിട്ടുള്ള അധിക വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതിക്കായി അനുവദിച്ച് നൽകുന്നത്. ഈ സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ ഇപ്രകാരം പിരിച്ചെടുത്ത വിഹിതം പദ്ധതിയുടെ ധനസമാഹരണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കേരള സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

6 (*247) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ടോ; ഏതെല്ലാം സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർവ്വകലാശാല ഏതെല്ലാം വിഷയങ്ങളിലാണ് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തിയിരുന്നത്; ഇപ്പോൾ ഇത്തരം കോഴ്സുകൾ നടത്താൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly